**മധുരമായ കുട്ടികളെ – നിങ്ങളുടെ യഥാർത്ഥ സംസ്കാരം പവിത്രതയുടെതാണ്, നിങ്ങൾ രാവണന്റെ കൂട്ടുകെട്ടിലേക്ക് വന്ന് പതിതമായിരിക്കുകയാണ്, ഇപ്പോൾ വീണ്ടും പാവനമായി പാവന ലോകത്തിന്റെ അധികാരിയാകണം.**

**ചോദ്യം–** അശാന്തിയുടെ കാരണവും അതിനുള്ള നിവാരണവും എന്താണ് ?
**ഉത്തരം–** അശാന്തിയുടെ കാരണമാണ് അപവിത്രത. ഇപ്പോൾ ഭഗവാനായ അച്ഛനോട് പ്രതിജ്ഞ ചെയ്യൂ നമ്മൾ പവിത്രമായി പവിത്ര ലോകത്തെ സ്ഥാപിക്കും, ദൃഷ്ടി നിർവികാരിയാക്കും, വികാരിയാക്കില്ല, എങ്കിൽ അശാന്തി ദൂരീകരിക്കപ്പെടും. ശാന്തി സ്ഥാപന ചെയ്യാൻ നിമിത്തമാക്കപ്പെട്ട നിങ്ങൾ കുട്ടികൾക്ക് അശാന്തി വ്യാപിപ്പിക്കാൻ സാധിക്കില്ല. നിങ്ങൾക്ക് ശാന്തമായി ഇരിക്കണം, മായയുടെ അടിമയാകരുത്.

**ഓം ശാന്തി**. ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു ഗീതയുടെ ഭഗവാൻ ഗീത കേൾപ്പിച്ചു. ഒരു പ്രാവശ്യം കേൾപ്പിച്ച ശേഷം പിന്നീട് തിരികെ പോകും. ഇപ്പോൾ നിങ്ങൾ കുട്ടികൾ ഗീതയുടെ ഭഗവാനിൽ നിന്നും അതേ ഗീതാജ്ഞാനം കേട്ടുകൊണ്ടിരിക്കുകയാണ്, രാജയോഗം അഭ്യസിക്കുകയാണ്. മറ്റുള്ളവർ എഴുതപ്പെട്ട ഗീത വായിച്ച് അതിനെ വ്യാഖ്യാനിക്കുന്നു. പിന്നീട് മനുഷ്യർക്ക് കേൾപ്പിച്ചു കൊടുക്കുന്നു. അവരും പിന്നീട് ശരീരം ഉപേക്ഷിച്ച് അടുത്ത ജന്മം കുട്ടിയായി ജനിച്ചാൽ പിന്നീട് കേൾപ്പിക്കാൻ സാധിക്കില്ല. ഇപ്പോൾ ബാബ നിങ്ങൾക്ക് ഗീത കേൾപ്പിച്ചു കൊണ്ടിരിക്കുകയാണ്, നിങ്ങൾ രാജപദവി നേടുന്നതുവരേയും ബാബ കേൾപ്പിക്കുന്നു. ലൗകീക ടീച്ചറും പാഠം പഠിപ്പിച്ചു തരുന്നുണ്ട്. പഠിപ്പ് പൂർത്തിയാവുന്നതുവരേയും പഠിപ്പിച്ചുകൊണ്ടിരിക്കും. പഠിപ്പ് പൂർത്തിയായി കഴിഞ്ഞാൽ പിന്നീട് പരിധിക്കുള്ളിലുള്ള സമ്പാദ്യത്തിൽ മുഴുകുന്നു. ടീച്ചറിൽ നിന്നും പഠിച്ചു, സമ്പാദിച്ചു, വയസ്സായി, ശരീരം ഉപേക്ഷിച്ചു, പിന്നീട് അടുത്ത ജന്മത്തിൽ മറ്റൊരു ശരീരം പോയി എടുക്കുന്നു. മറ്റുള്ള മനുഷ്യർ ഗീത കേൾപ്പിക്കുന്നു, ഇപ്പോൾ ഇതിലൂടെ എന്തു പ്രാപ്തിയാണ് ഉണ്ടാകുന്നത്? ഇത് ആർക്കും തന്നെ അറിയുന്നില്ല. ഗീത കേൾപ്പിച്ച് അടുത്ത ജന്മത്തിൽ വീണ്ടും കുട്ടിയായി ജനിച്ചാൽ കേൾപ്പിക്കാൻ സാധിക്കില്ല. എപ്പോഴാണോ വലുതാകുന്നത്, വയസ്സാകുന്നത്, ഗീതാപാഠിയാകുന്നത് അപ്പോൾ മാത്രമേ കേൾപ്പിക്കാൻ സാധിക്കൂ. ഇവിടെ ബാബ ഒരേയൊരു പ്രാവശ്യം മാത്രമേ ശാന്തിധാമത്തിൽ നിന്നും വന്ന് പഠിപ്പിക്കുന്നുള്ളൂ. പിന്നീട് തിരിച്ചു പോവുകയാണ്. ബാബ പറയുന്നു, നിങ്ങളെ രാജയോഗം പഠിപ്പിച്ച് ഞാൻ തിരികെ വീട്ടിലേക്ക് പോവുന്നു. ആരെയാണോ പഠിപ്പിക്കുന്നത് അവർ പിന്നീട് വന്ന് തന്റെ പ്രാപ്തി അനുഭവിക്കുന്നു. തന്റെ സമ്പാദ്യം ചെയ്ത്, നമ്പർവാർ പുരുഷാർത്ഥം അനുസരിച്ച് ധാരണ ചെയ്ത് പിന്നീട് തിരികെ പോവുന്നു. എവിടേക്ക് ? പുതിയ ലോകത്തിലേക്ക്. ഈ പഠിപ്പ് തന്നെ പുതിയ ലോകത്തേക്ക് വേണ്ടിയാണ് . ഈ പഴയ ലോകം നശിച്ച് പുതിയ ലോകത്തിന്റെ സ്ഥാപന ഉണ്ടാകുമെന്ന് മനുഷ്യർക്ക് അറിയില്ല. നിങ്ങൾക്ക് അറിയാം നമ്മൾ രാജയോഗം പഠിക്കുന്നതു തന്നെ പുതിയ ലോകത്തേക്ക് വേണ്ടിയാണ്. പിന്നീട് ഈ പഴയ ലോകവും ഉണ്ടാകില്ല, പഴയ ശരീരവും ഉണ്ടാകില്ല. ആത്മാവ് അവിനാശിയാണ്. ആത്മാക്കൾ പവിത്രമായി പവിത്രലോകത്തേക്ക് പോകുന്നു. പുതിയ ലോകം ഉണ്ടായിരുന്നു, അതിൽ ദേവീദേവതകളുടെ രാജ്യമായിരുന്നു അതിനേയാണ് സ്വർഗ്ഗം എന്ന് പറയുന്നത്. പുതിയ ലോകം സ്ഥാപിക്കുന്നത് ഭഗവാനാണ്. ബാബ ഒരു ധർമ്മത്തിന്റെ സ്ഥാപനയാണ് ചെയ്യിപ്പിക്കുന്നത്. ദേവതകളിലൂടെയല്ല ചെയ്യിപ്പിക്കുന്നത്. ദേവതകൾ ഇവിടെ ഇല്ലല്ലോ. അപ്പോൾ തീർച്ചയായും ഏതെങ്കിലും മനുഷ്യനിലൂടെത്തന്നെയാണ് ജ്ഞാനം നൽകുന്നത്. അവർ പിന്നീട് ദേവതയായി മാറുന്നു. പിന്നീട് അതേ ദേവതകൾ പുനർജന്മമെടുത്ത് വീണ്ടും ഇപ്പോൾ ബ്രാഹ്മണരായി മാറിയിരിക്കുകയാണ്. ഈ രഹസ്യം നിങ്ങൾ കുട്ടികൾക്കേ അറിയൂ– നിരാകാരനായ ഭഗവാനാണ് പുതിയ ലോകം രചിക്കുന്നത്. ഇപ്പോൾ രാവണരാജ്യമാണ് നിങ്ങൾ മറ്റുള്ളവരോട് ചോദിക്കാറുണ്ട് കലിയുഗീ പതിതരാണോ അതോ സത്യയുഗീ പാവനാത്മാക്കളാണോ? പക്ഷേ അവർ മനസ്സിലാക്കുന്നില്ല. ഇപ്പോൾ ബാബ കുട്ടികളോട് പറയുന്നു– ഞാൻ അയ്യായിരം വർഷങ്ങൾക്കു മുൻപും നിങ്ങൾക്ക് മനസ്സിലാക്കിത്തന്നിരുന്നു. ഞാൻ വരുന്നതു തന്നെ നിങ്ങൾ കുട്ടികളെ അരക്കൽപ്പം സുഖികളാക്കി മാറ്റാനാണ്. പിന്നീട് രാവണൻ വന്ന് നിങ്ങളെ ദു:ഖിയാക്കുന്നു. ഇത് സുഖ–ദു:ഖത്തിന്റെ കളിയാണ്. കൽപ്പത്തിന്റെ കാലാവധി അയ്യായിരം വർഷമാണ്, അപ്പോൾ പകുതി– പകുതി ആണല്ലോ. രാവണ രാജ്യത്തിൽ എല്ലാവരും ദേഹാഭിമാനിയും വികാരിയുമാകുന്നു. ഈ കാര്യങ്ങളെല്ലാം ഇപ്പോഴാണ് നിങ്ങൾ മനസ്സിലാക്കുന്നത്. ഇതിനു മുമ്പേ മനസ്സിലാക്കിയിരുന്നില്ല. കൽപ്പ കൽപ്പം ആരാണോ മനസ്സിലാക്കിയിരുന്നത് അവരേ മനസ്സിലാക്കൂ. ആരാണോ ദേവതകളായിത്തീരാത്തവർ അവർ വരികപോലുമില്ല. നിങ്ങൾ ദേവതാ ധർമ്മത്തിന്റെ തൈയ്യാണ് നട്ടുപിടിപ്പിക്കുന്നത്. ഇപ്പോൾ അത് ആസുരീയവും തമോപ്രധാനവുമായിത്തീർന്നപ്പോൾ

അതിനെ ദൈവീകവൃക്ഷം എന്നു പറയില്ല. വൃക്ഷം പുതിയതായിരുന്നപ്പോൾ സതോപ്രധാനമായിരുന്നു. ദേവീദേവതകളായിരുന്നു അതിലെ ഇലകൾ. പിന്നീട് രജോ, തമോവിലേക്ക് വന്നു പഴയ പതിതമായ ശൂദ്രമായിത്തീർന്നു. പഴയ ലോകത്തിൽ പഴയ മനുഷ്യരായിരിക്കും. ഈ പഴയവരെയാണ് വീണ്ടും പുതിയവരാക്കി മാറ്റേണ്ടത്. ഇപ്പോൾ ദേവീദേവതാ ധർമ്മത്തിനു തന്നെ പ്രായലോപം സംഭവിച്ചു. ബാബയും പറയുന്നു എപ്പോഴെല്ലാമാണോ ധർമ്മത്തിന് ഗ്ലാനി സംഭവിക്കുന്നത്, അപ്പോൾ മറ്റുളളവർ ചോദിക്കാറുണ്ട് ഏതു ധർമ്മത്തിന്റെ ഗ്ലാനിയാണ് സംഭവിക്കുന്നത്? തീർച്ചയായും പറയണം ബാബ സ്ഥാപിച്ചിരുന്ന ആദി സനാതന ദേവീദേവതാ ധർമ്മത്തിന്റെ. ആ ധർമ്മത്തിനാണ് പ്രായലോപം സംഭവിച്ചത്. അതിനു പകരം ഇപ്പോൾ അധർമ്മം നിറഞ്ഞു. എപ്പോഴാണോ അധർമ്മത്തിന്റെ വൃദ്ധി ഉണ്ടാകുന്നത് അപ്പോഴാണ് ബാബ വരുന്നത് . ധർമ്മത്തിന്റെ വൃദ്ധി എന്ന് ഒരിക്കലും പറയില്ല, ധർമ്മത്തിന് പ്രായലോപം സംഭവിക്കുകയാണ് . ബാക്കി അധർമ്മത്തിന്റെ വൃദ്ധിയാണ് ഉണ്ടാകുന്നത് . വാസ്തവത്തിൽ എല്ലാ ധർമ്മത്തിന്റെയും വൃദ്ധി ഉണ്ടാകുന്നുണ്ട്. ഒരു ക്രിസ്തുവിൽ നിന്നും ക്രിസ്ത്യൻ ധർമ്മത്തിന്റെ വൃദ്ധി ഉണ്ടാകുന്നു. ബാക്കി ദേവീദേവതാ ധർമ്മത്തിന് പ്രായലോപം സംഭവിച്ചു. പതിതരായതു കാരണം തന്നെത്താൻ ഗ്ലാനി ചെയ്യാൻ തുടങ്ങി. ഈ ഒരു ധർമ്മം മാത്രമാണ് അധർമ്മത്തിലേക്ക് പോകുന്നത്. മറ്റെല്ലാ ധർമ്മങ്ങളും ശരിയായ രീതിയിൽ മുന്നോട്ടു പോകുന്നു. എല്ലാവരും അവരവരുടെ ധർമ്മത്തിൽ തന്നെ നിലനിൽക്കുന്നു. ആരാണോ ആദിസനാതന ദേവീദേവതാ ധർമ്മത്തിലുള്ളവർ, നിർവ്വികാരികളായിരുന്നവർ അവർ തന്നെയാണ് വികാരികളാകുന്നത് . ബാബ പാവന ലോകം സ്ഥാപിച്ചിരുന്നു പിന്നീട് ആ ലോകത്തിൽ വസിച്ചിരുന്നവർ തന്നെ പതിതരും ശൂദ്രരും ആകുന്നു അതായത് ആ ധർമ്മത്തിന്റെ ഗ്ലാനി സംഭവിക്കുന്നു. അവർ അപവിത്രരാകുമ്പോൾ അവനവന്റെ ഗ്ലാനി ചെയ്യിപ്പിക്കുന്നു. വികാരത്തിലേക്ക് പോകുന്നതിലൂടെ പതിതമാകുന്നു, സ്വയത്തെ ദേവത എന്നു പറയാൻ സാധിക്കില്ല. സ്വർഗ്ഗത്തിനു പകരം നരകമായി. ഇപ്പോൾ പാവനമായി ആരും തന്നെയില്ല. നിങ്ങൾ എത്ര മോശവും പതിതവുമായി മാറിയിരിക്കുകയാണ്. ബാബ പറയുന്നു നിങ്ങളെ പാവനപുഷ്പമാക്കി മാറ്റിയതാണ് പിന്നീട് രാവണൻ നിങ്ങളെ മുള്ളുകളാക്കി. പാവനാവസ്ഥയിൽ നിന്നും പതിതമായി. നിങ്ങൾ തന്റെ ധർമ്മത്തിന്റെ അവസ്ഥയെ നോക്കണം. നിങ്ങൾ വിളിക്കാറുണ്ടായിരുന്നു നമ്മുടെ അവസ്ഥയെ വന്നു കാണൂ, ഞങ്ങൾ എത്ര പതിതമായിരിക്കുന്നു. ഞങ്ങളെ വീണ്ടും പാവനമാക്കൂ. പതിതത്തിൽ നിന്നും പാവനമാക്കുന്നതിനുവേണ്ടി ബാബ വരുന്നു എങ്കിൽ തീർച്ചയായും നിങ്ങൾ പാവനമാകണം. മറ്റുള്ളവരെയും ആക്കി മാറ്റണം. നിങ്ങൾ കുട്ടികൾ സ്വയം നോക്കൂ ഞങ്ങൾ സർവ്വഗുണ സമ്പന്നരായി മാറിയോ. നമ്മുടെ പെരുമാറ്റം ദേവതകളെപ്പോലെയാണോ? ദേവതകളുടെ രാജ്യത്തിൽ വിശ്വത്തിൽ ശാന്തിയുണ്ടായിരുന്നു. വിശ്വത്തിൽ എങ്ങനെ ശാന്തി സ്ഥാപിക്കണം എന്ന് ബാബ വീണ്ടും നിങ്ങളെ പഠിപ്പിക്കാൻ വന്നിരിക്കുകയാണ്. അപ്പോൾ നിങ്ങൾക്കും ശാന്തിയിൽ ഇരിക്കണം. ശാന്തമായി ഇരിക്കാനുള്ള യുക്തി പറഞ്ഞുതരുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ ശാന്തമായി ശാന്തിധാമത്തിലേക്ക് പോകും. പല കുട്ടികളും ശാന്തമായി ഇരുന്നുകൊണ്ട് മറ്റുള്ളവരേക്കൂടി ശാന്തിയോടെ ഇരുത്താൻ പഠിപ്പിക്കുന്നവരുണ്ട്. ചിലർ അശാന്തി വ്യാപിപ്പിക്കുന്നവരാണ്. സ്വയം അശാന്തരാവുകയും മറ്റുള്ളവരേയും അശാന്തരാക്കി മാറ്റുകയും ചെയ്യുന്നു. ശാന്തിയുടെ അർത്ഥം മനസ്സിലാക്കുന്നില്ല. ഇവിടെ വരുന്നതുതന്നെ ശാന്തമായിരിക്കാൻ അഭ്യസിക്കാനാണ്. പിന്നീട് ഇവിടെ നിന്നും പോയിക്കഴിഞ്ഞാൽ അശാന്തരായിത്തിരുന്നു. അശാന്തിയുണ്ടാവുന്നത് അപവിത്രതയിലൂടെയാണ്. ഇവിടെ വന്ന് പ്രതിജ്ഞ ചെയ്യുന്നു– ബാബാ, ഞങ്ങൾ അങ്ങയുടേതാണ്. അങ്ങയിൽ നിന്നും വിശ്വത്തിന്റെ ചക്രവർത്തീ പദവി നേടണം. ഞങ്ങൾ പവിത്രമായിരുന്ന് തീർച്ചയായും വിശ്വത്തിന്റെ അധികാരിയാ യിത്തീരും. പിന്നീട് വീട്ടിലേക്ക് പോയാൽ മായയുടെ കൊടുങ്കാറ്റിൽ അകപ്പെടുന്നു. യുദ്ധമല്ലേ. പിന്നീട് മായയുടെ അടിമയായി മാറി പതിതരായിത്തീരാൻ ആഗ്രഹിക്കുന്നു. ആരാണോ പവിത്രമായിരിക്കും എന്ന് പ്രതിജ്ഞ ചെയ്ത് മായയുടെ യുദ്ധത്തിൽ അകപ്പെട്ട് പ്രതിജ്ഞ ലംഘിക്കുന്നത് അവർ തന്നെയാണ് അബലകളുടെ മേൽ അത്യാചാരവും നടത്തുന്നത്. ഭഗവാന്റെ അടുത്ത് വന്ന് പ്രതിജ്ഞ ചെയ്യുന്നു ഞങ്ങൾ പവിത്രമായി പവിത്ര ലോകത്തിന്റെ സമ്പത്ത് നേടും, ഞങ്ങൾ ദൃഷ്ടിയെ നിർവികാരിയാക്കും, കുദൃഷ്ടി വെക്കില്ല, വികാരത്തിലേക്ക് പോകില്ല, വികാരീ ദൃഷ്ടി ഉപേക്ഷിക്കും. എന്നാലും മായാ രാവണനോട് തോറ്റുപോകുന്നു. അപ്പോൾ ആരാണോ നിർവ്വികാരിയായി മാറാൻ ആഗ്രഹിക്കുന്നത്, അവരെ ബുദ്ധിമുട്ടിക്കുന്നു, അതുകൊണ്ടാണ് പറയുന്നത് അബലകളുടെ മേൽ അത്യാചാരങ്ങൾ സംഭവിക്കുന്നു എന്ന്. പുരുഷന്മാർ ബലവാനാണ്, സ്ത്രീകൾ ദുർബലരാണല്ലോ. യുദ്ധങ്ങൾക്കെല്ലാം പുരുഷന്മാരാണ് പോകുന്നത് കാരണം അവർ ബലവാനാണ്. സ്ത്രീകൾ കോമള ഹൃദയമുള്ളവരാണ്. അവരുടെ കർത്തവ്യം തന്നെ വേറെയാണ്, അവർക്ക് വീട് സംരക്ഷിക്കണം, കുട്ടികൾക്ക് ജന്മം നൽകി അവരെ സംരക്ഷിക്കണം. ഇതും ബാബ മനസ്സിലാക്കി തന്നിട്ടുണ്ട്, അവിടെ ഒരു കുട്ടിയാണുണ്ടാകുന്നത്. അതും അവിടെ വികാരത്തിന്റെ പേരില്ല. ഇവിടെ സന്യാസിമാരും ഇടയ്ക്ക് പറയാറുണ്ട് ഒരു കുട്ടി തീർച്ചയായും ആവശ്യമാണ്– വികാരി ദൃഷ്ടിയുള്ളവർ ഇങ്ങനെയുള്ള പഠിപ്പ് നൽകുന്നു. ഇപ്പോൾ ബാബ പറയുന്നു

ഈ സമയത്തെ കുട്ടികളെക്കൊണ്ട് യാതൊരു പ്രയോജനവുമില്ല. വിനാശം തൊട്ടു മുന്നിലാണ്. സർവ്വതും നശിക്കാൻ പോവുകയാണ്. ഞാൻ വന്നിരിക്കുന്നതു തന്നെ പഴയ ലോകത്തിന്റെ വിനാശത്തിനാണ്. അത് സന്യാസിമാരുടെ കാര്യമാണ് അവർക്ക് വിനാശത്തെക്കുറിച്ച് യാതൊന്നും തന്നെ അറിയുന്നില്ല. നിങ്ങൾക്ക് പരിധിയില്ലാത്ത അച്ഛനാണ് മനസ്സിലാക്കി തരുന്നത് ഇപ്പോൾ വിനാശം സംഭവിക്കാൻ പോകുന്നു. നിങ്ങൾക്ക് കുട്ടികളും അവകാശികളും ആരും തന്നെ ഉണ്ടാകില്ല. നിങ്ങൾ വിചാരിക്കുന്നു നമ്മുടെ കുലത്തിന്റെ എന്തെങ്കിലും അടയാളമുണ്ടാകണമെന്ന്, പക്ഷേ ഈ പതിത ലോകത്തിന്റെ യാതൊരു അടയാളവുമുണ്ടാകില്ല. നിങ്ങൾക്കറിയാം നമ്മൾ പാവനലോകത്തിലേതായിരുന്നു, മനുഷ്യരും ആ ലോകത്തെ ഓർമ്മിക്കുന്നുണ്ട് കാരണം പാവനലോകം വിശ്വത്തിൽ ഉണ്ടായിരുന്നതാണ്, അതിനെയാണ് സ്വർഗ്ഗം എന്നു പറയുന്നത്. പക്ഷേ ഇപ്പോൾ തമോപ്രധാനമായതു കാരണം മനസ്സിലാക്കാൻ സാധിക്കുന്നില്ല. ലോകത്തിലെ മനുഷ്യരുടെ ദൃഷ്ടി തന്നെ വികാരിയാണ്. ഇതിനെയാണ് ധർമ്മഗ്ലാനിയെന്നു പറയുന്നത്. ആദി സനാതന ധർമ്മത്തിൽ ഇങ്ങനെയുള്ള കാര്യങ്ങളൊന്നും തന്നെ ഉണ്ടാകുന്നില്ല. വിളിക്കുന്നുണ്ട് പതിതപാവനാ വരൂ, കാരണം പതിതരും ദു:ഖിയുമാണ്. ബാബ മനസ്സിലാക്കിത്തരുന്നു ഞാൻ നിങ്ങളെ പാവനമാക്കിയിരുന്നു, പക്ഷേ മായാ രാവണൻ നിങ്ങളെ വീണ്ടും പതിതമാക്കി മാറ്റി. ഇപ്പോൾ വീണ്ടും പാവനമായി മാറണം. പാവനമാകുന്നതുകൊണ്ടാണ് മായാ രാവണന്റെ യുദ്ധമുണ്ടാകുന്നത്. ബാബയിൽ നിന്നും സമ്പത്ത് നേടുന്നതിനുള്ള പുരുഷാർത്ഥം ചെയ്തുകൊണ്ടിരുന്നു പക്ഷേ മുഖം കറുപ്പിക്കുകയാണെങ്കിൽ (വികാരത്തിലേക്ക് പോയാൽ) എങ്ങനെ സമ്പത്ത് ലഭിക്കാനാണ്. ബാബ വരുന്നതു തന്നെ സതോപ്രധാനമാക്കി മാറ്റുന്നതിനാണ്. ദേവതകൾ സതോപ്രധാനരായിരുന്നു, അവരാണ് ഇപ്പോൾ തമോപ്രധാനമായിരിക്കുന്നത്. ദേവതകളുടെ ശരീരത്തെയാണ് മോശമാക്കി ചിത്രീകരിച്ചിരിക്കുന്നത്, ക്രിസ്തുവിന്റെയൊ ബുദ്ധന്റെയോ ചിത്രങ്ങളെ മോശമാക്കി കാണിച്ചിട്ടുണ്ടോ? ദേവതകളുടെ ചിത്രങ്ങളെയാണ് കറുപ്പിച്ച് മോശമാക്കിയിരിക്കുന്നത്. ആരാണോ സർവ്വരുടെയും സദ്ഗതിദാതാവ്, പരമപിതാവായ പരമാത്മാവ്, സർവ്വരുടെയും പിതാവ്, ഇവരെ തന്നെയാണ് പരമപിതാവായ പരമാത്മാ വന്ന് മുക്തമാക്കൂ എന്ന് വിളിക്കുന്നത്, അതുകൊണ്ട് ബാബ ഒരിക്കലും പതിതമാകുന്നില്ല. ബാബ സദാ പരിശുദ്ധനാണ്. കൃഷ്ണൻ മറ്റൊരു ശരീരമെടുക്കുന്നുണ്ടെങ്കിലും പവിത്രമാണല്ലോ. ദേവതകളെയാണ് മഹാനാത്മാക്കൾ എന്നു പറയുന്നത്. കൃഷ്ണൻ ദേവനാണ്. ഇത് കലിയുഗമാണ്. ഇപ്പോൾ കലിയുഗത്തിൽ എങ്ങനെ മഹാത്മാക്കൾ വരാനാണ്. ശ്രീകൃഷ്ണൻ സത്യയുഗത്തിലെ ആദ്യത്തെ രാജകുമാരനാണ്. അവരിൽ ദൈവീക ഗുണങ്ങളുണ്ടായിരുന്നു. ഇപ്പോൾ ദേവതകളാരും തന്നെയില്ല. സാധുകളും സന്യാസിമാരും പവിത്രമായിരിക്കുന്നു എങ്കിലും പിന്നീട് പുനർജന്മങ്ങളെടുക്കുന്നത് വികാരത്തിലൂടെയാണ്. വീണ്ടും സന്യാസം സ്വീകരിക്കേണ്ടതായി വരുന്നു. ദേവതകൾ സദാ പവിത്രമാണ്. ഇവിടെ രാവണന്റെ രാജ്യമാണ്. രാവണന് പത്തു തല കാണിച്ചിട്ടുണ്ട്- അഞ്ച് സ്ത്രീകളുടെയും അഞ്ച് പുരുഷന്മാരുടെയുമാണ്. ഓരോരുത്തരിലും പഞ്ച വികാരങ്ങളുണ്ടെന്നറിയാം. ദേവതകളിലുണ്ടാവില്ലല്ലോ. സത്യയുഗത്തെ സുഖധാമമെന്നാണ് പറയുന്നത്. അവിടെയും രാവണനുണ്ടെങ്കിൽ അതും ദുഖധാമമായിത്തീരും. മനുഷ്യർ മനസ്സിലാക്കുന്നു ദേവതകൾ കുട്ടികൾക്ക് ജന്മം നൽകുന്നുണ്ട് അതുകൊണ്ട് അവരും വികാരിയാണെന്ന്. അവർക്ക് ഇത് അറിയില്ല ദേവതകൾ സമ്പൂർണ്ണ നിർവികാരിയാണ് , അതുകൊണ്ടാണ് അവരെ പൂജിക്കുന്നത് . സന്യാസിമാരുടെയും മിഷനറിയുണ്ട് . കേവലം പുരുഷന്മാരെ സന്യസിപ്പിച്ച് അവരുടെ സംഖ്യ വർദ്ധിപ്പിക്കുന്നു. ബാബ പ്രവൃത്തിമാർഗ്ഗത്തിന്റെ പുതിയ മിഷനറി ഉണ്ടാക്കുന്നു. യുഗിളായിരിക്കുന്നവരെത്തന്നെ(ജോഡി) പവിത്രമാക്കുന്നു. പിന്നീട് നിങ്ങൾ ദേവതയായിത്തീരുന്നു. നിങ്ങളിവിടെ സന്യാസിയാവാൻ വേണ്ടിയല്ല വന്നിരിക്കുന്നത്. നിങ്ങൾ വന്നിരിക്കുന്നത് വിശ്വത്തിന്റെ അധികാരിയായിത്തീരാനാണ് . മറ്റുള്ള സന്യാസിമാർ വീണ്ടും ഗൃഹസ്ഥത്തിൽ തന്നെ പോയി ജന്മമെടുക്കുന്നു. പിന്നീട് വീണ്ടും സന്യാസധർമ്മം സ്വീകരിക്കുന്നു. നിങ്ങളുടെ സംസ്കാരം തന്നെ പവിത്രതയുടേതാണ്. ഇപ്പോൾ അപവിത്രരായിരിക്കുകയാണ് വീണ്ടും പവിത്രമാകണം. ബാബ പവിത്ര ഗൃസ്ഥാശ്രമമാണ് സ്ഥാപിക്കുന്നത്. പാവനലോകത്തെ സത്യയുഗമെന്നും പതിത ലോകത്തെ കലിയുഗമെന്നും പറയുന്നു. ഇവിടെ എത്ര പാപാത്മാക്കളാണ്. സത്യയുഗത്തിൽ ഈ കാര്യങ്ങൾ ഒന്നും തന്നെയില്ല. ബാബ പറയുന്നു, എപ്പോഴെല്ലാം ഭാരതത്തിൽ ധർമ്മത്തിന്റെ ഗ്ലാനി ഉണ്ടാകുന്നു അതായത് ദേവീദേവതാ ധർമ്മത്തിലുള്ളവർ പതിതമാകുമ്പോൾ തങ്ങളുടെ ഗ്ലാനി ചെയ്യിക്കുന്നു. ബാബ പറയുന്നു ഞാൻ നിങ്ങളെ പാവനമാക്കി വീണ്ടും ഇപ്പോൾ നിങ്ങൾ പതിതമായിരിക്കയാണ്, നിങ്ങളെക്കൊണ്ട് യാതൊരു പ്രയോജനവുമില്ലാതായി. എപ്പോഴാണോ ഇത്രക്കും പതിതമാവുന്നത് അപ്പോൾ പാവനമാക്കുന്നതിനുവേണ്ടി എനിക്ക് വരേണ്ടിവരുന്നു. ഇത് ഡ്രാമയുടെ ചക്രമാണ് കറങ്ങിക്കൊണ്ടിരിക്കുന്നത്. സ്വർഗ്ഗത്തിലേക്ക് പോകുന്നതിനു വേണ്ടി ദൈവീകഗുണങ്ങൾ ആവശ്യമാണ്. ക്രോധിക്കാൻ പാടില്ല. ക്രോധമുള്ളവർ അസുരന്മാരാണ്. വളരെയധികം ശാന്തചിത്തമായ അവസ്ഥയായിരിക്കണം. ക്രോധിക്കുന്നുവെങ്കിൽ പറയും ഇവരിൽ ക്രോധത്തിന്റെ ഭൂതമുണ്ട്. ആരിലാണോ ഏതെങ്കിലും ഭൂതമുള്ളത്

അവർക്ക് ദേവതായിത്തീരുവാൻ സാധിക്കില്ല, നരനിൽ നിന്നും നാരായണനായിത്തീരാൻ സാധിക്കില്ല. ദേവതകൾ നിർവ്വികാരികൾ തന്നെയാണ്, യഥാ രാജാറാണി തഥാ പ്രജകൾ നിർവ്വികാരിയാണ്. ഭഗവാനായ അച്ഛൻ തന്നെയാണ് വന്ന് സമ്പൂർണ്ണ നിർവ്വികാരിയാക്കി മാറ്റുന്നത്.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. ബാബയോട് പവിത്രതയുടെ പ്രതിജ്ഞ ചെയ്തു എങ്കിൽ സ്വയത്തെ മായയുടെ യുദ്ധത്തിൽ നിന്നും രക്ഷിച്ചുകൊണ്ടിരിക്കണം. ഒരിക്കലും മായയുടെ അടിമയാകരുത് . ഈ പ്രതിജ്ഞയെ മറക്കരുത് കാരണം ഇപ്പോൾ പാവനലോകത്തിലേക്ക് പോകണം.

2. ദേവതയാകുന്നതിനു വേണ്ടി അവസ്ഥയെ വളരെ-വളരെ ശാന്തചിത്തമാക്കണം. ഏതൊരു ഭൂതത്തിനേയും പ്രവേശിക്കാൻ അനുവദിക്കരുത്. ദൈവീകഗുണങ്ങൾ ധാരണ ചെയ്യണം.

## വരദാനം:- ഫരിസ്താ സ്വരൂപത്തിന്റെ സ്മൃതിയിലൂടെ ബാബയുടെ കുടത്തണലിന്റെ അനുഭവം ചെയ്യുന്ന വിഘ്ന ജീത്തായി ഭവിക്കട്ടെ.

അമൃതവേളയിൽ എഴുന്നേറ്റ ഉടനെ സ്മൃതിയിൽ കൊണ്ടുവരൂ അതായത് ഞാൻ ഫരിസ്തയാണ്. ബ്രഹ്മാബാബക്ക് മനസ്സിനിഷ്ടപ്പെട്ട ഈ ഗിഫ്റ്റ് കൊടുക്കൂ എങ്കിൽ ദിവസവും അമൃതവേളയിൽ ബാപ്ദാദ താങ്കളെ തന്റെ കരവലയത്തിലിരുത്തും, അനുഭവം ചെയ്യും അതായത് ബാബയുടെ കൈകളിലാണ്, അതീന്ദ്രിയ സുഖത്തിൽ ഊഞ്ഞാലാടിക്കൊണ്ടിരിക്കുകയാണ്. ആര് ഫരിസ്താസ്വരൂപത്തിന്റെ സ്മൃതിയിൽ ഇരിക്കുന്നുവോ അവരുടെയടുത്ത് ഏതൊരു പരിതസ്ഥിതിയോ വിഘ്നമോ വരികയാണെങ്കിൽ തന്നെ ബാബ അവർക്ക് കുടത്തണലായി മാറും. അതിനാൽ ബാബയുടെ ഛത്രഛായ അഥവാ സ്നേഹത്തിന്റെ അനുഭവം ചെയ്തുകൊണ്ട് വിഘ്നജീത്തായി മാറൂ.

## സ്ലോഗൻ:- സുഖ സ്വരൂപ ആത്മാവ് സ്വ-സ്ഥിതിയിലൂടെ പരിതസ്ഥിതിയുടെ മേൽ സഹജമായി വിജയം പ്രാപ്തമാക്കുന്നു.